# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

12.06.2013 - ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 73

### കുടിവെള്ള ക്ഷാമം

**ചോദ്യം**

**ശ്രീ. എളമരം കരീം**
**ശ്രീ. സി. കൃഷ്ണൻ**
**ശ്രീ. വി. ചെന്താമരാക്ഷൻ**
**ശ്രീ. കെ. കെ. ജയചന്ദ്രൻ**

**മറുപടി**

പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) കുടിവെള്ളക്ഷാമം മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) കുടിവെള്ളക്ഷാമം പരിഹരിക്കാൻ പദ്ധതിയും ഫണ്ടും കടലാസിൽ മാത്രമുണ്ടായതുകൊണ്ട് പൊതുജനത്തിന്റെ ദാഹം മാറില്ലെന്ന് ഹൈക്കോടതി പരാമർശിക്കാനിടയായ സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) കേരള സംസ്ഥാനത്തിലെ കുടിവെള്ളക്ഷമം പരിഹരിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചും നിലവിലുള്ള പദ്ധതികളുടെ ആഗ്മെന്റേഷൻ നടത്തിയും പദ്ധതികളുടെ സ്രോതസ്സ്, ജലശുദ്ധീകരണ ശാല മുതലായ ഘടകങ്ങളുടെ റീഹാബിലിറ്റേഷൻ നടത്തിയും ജലക്ഷാമം പരിഹരിച്ചു വരുന്നു.

ഇതു കൂടാതെ താഴെ പറയുന്ന പ്രവൃത്തികളും നടത്തി വരുന്നു.

1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം
2. കേടായ പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ
3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ
4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക
5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.
6. തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക

.....................2

7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേയ്ക്ക് തിരിച്ചു വിടുകയും ചെയ്യുക.
8. ഇൻഫിൽട്രേഷൻ ഗ്യാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും, കുഴൽകിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക.
9. വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിത സമയം കുടിവെള്ളം നല്കുക മുതലായവയാണ്.

കൂടാതെ ട്യൂബ്‌വെൽ/ബോർവെൽ എന്നീ ചെറുകിട പദ്ധതികൾ ആവിഷ്കരിക്കാറുമുണ്ട്.

(സി) മെട്രോറെയിലിനും മേൽപ്പാലത്തിനും ഫണ്ട് അനുവദിക്കുന്ന സർക്കാർ ദാഹജലം തേടിയുള്ള പൊതുജനത്തിന്റെ മുറവിളിക്ക് നേരെ മുഖം തിരിക്കുകയാണെന്ന കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരു ജനകീയ ജലനയത്തിന് രൂപം നൽകുമോ?

(സി) വൈപ്പിൻ പ്രദേശത്ത് അനുഭവപ്പെട്ടു വരുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ശ്രീമതി റോസി അറയ്ക്കൽ ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച ഡബ്ല്യു.പി. നമ്പർ 1417/2011 പരിഗണിക്കവേ ബഹു. ഹൈക്കോടതി ഇത്തരമൊരു പരാമർശം നടത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരാമവധി പദ്ധതികൾ സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

V